# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 871 - 09.08.2017 -ലെ മറുപടി

## ഉപ്പുവെള്ളം കയറുന്നതുമൂലം നേരിടുന്ന കൃഷിനാശം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.രാജഗോപാലൻ | | മാത്യു.ടി തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലകളിലെ കാർഷിക മേഖലകളായ തൃക്കരിപ്പൂർ, അന്നൂർ, കന്നിയൻ,കാറമേൽ, കരിവെള്ളൂർ പ്രദേശങ്ങളിൽ ഉപ്പുവെള്ളം കയറുന്നതു മൂലം നേരിടുന്ന കൃഷിനാശം പരിഹരിക്കാൻ നെൽകൃഷിക്കാർ ആവശ്യപ്പെട്ടുവരുന്ന ഉളിയംകടവിലെ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണവുമായി ബന്ധപ്പെട്ട നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | ഉളിയം കടവിലെ റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രാഥമിക പഠനങ്ങൾ മാത്രമേ നടത്തിയിട്ടുള്ളൂ. പദ്ധതിയുടെ വിശദമായ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി സാധ്യതാ പഠനത്തിനു ശേഷം വിശദമായ ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതാണ്. |
| (ബി) | തടിപ്പാലം അണക്കെട്ട് വർഷങ്ങളായി കേടുപാടുകൾ മൂലം പ്രവർത്തന രഹിതമായതിനാൽ ഈ പ്രദേശത്തുള്ളവരുടെ പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | തൃക്കരിപ്പൂർ പ്രദേശത്തെ തലച്ചാൽ അണക്കെട്ടിന്റെ കേടുപാടുകൾ പരിഹരിക്കുന്നതിനുള്ള വിശദമായ ഡി.പി.ആർ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ